(7) ഐസ്പ്ലാന്റ്, കോമ്പ് സ്റ്റോറേജ്, ഫ്രീസിംഗ് പ്ലാന്റ് എന്നിവയ്ക്ക് പവ്വർകട്ട് ഏർപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. ദിനകരൻ: സർ, വ്യവസായസ്ഥാപനങ്ങളായ ഐസ് പ്ലാന്റ്, കോമ്പ് സ്റ്റോറേജ്, ഫ്രീസിംഗ് പ്ലാന്റ് എന്നിവയ്ക്കെല്ലാം പവർ കട്ട് ഏർപ്പെടുത്തിയിരിക്കുന്നതുമൂലം കോടിക്കണക്കിനുരൂപയുടെ വിദേശനാണ്യം നമുക്ക് നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണിന്നുള്ളത്. വിദേശത്തേക്കയയ്ക്കാനുള്ള നൂറുകോടി രൂപയിലധികം രൂപയുടെ ചെമ്മീൻ ചീഞ്ഞുകൊണ്ടിരിക്കുന്ന ഒരു ദയനീയാവസ്ഥയാണുള്ളത്. ഐസ് കിട്ടാത്തതുമൂലം മത്സ്യം നശിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ്. ഒരു ടൺ ഐസിന് 80 രൂപയുണ്ടായിരുന്ന സ്ഥാനത്ത് 1600 രൂപവരെയായിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇപ്പോഴാ ചാകര സീസൺ ആണ്. ഇപ്പോഴാണവർക്ക് എന്തെങ്കിലും പ്രയോജനം കിട്ടുന്നത്. ആ സമയത്ത് ഐസ് കിട്ടാത്തതുമൂലം അത് ദുരുപയോഗം ചെയ്യാനുള്ള സാഹചര്യം ഉണ്ടായിരിക്കുന്നു. 18 രൂപ ഉണ്ടായിരുന്ന ഒരു കിലോ ചെമ്മീനിന്റെ ഇപ്പോഴത്തെ വില രണ്ടു രൂപയാണ്. മലയാളമനോരമ പത്രത്തിലൂടെ എഴുതിയിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യം വാങ്ങാനാളില്ലെന്നുള്ളതിന്റെ പേരിൽ, ഐസ് കിട്ടാത്തതിന്റെ പേരിൽ മത്സ്യം കടലിൽത്തന്നെ ഇട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ഈ സാഹചര്യത്തിൽ ഐസ് പ്ലാന്റിനും കോമ്പ് സ്റ്റോറേജിനും ഫ്രീസിംഗ് പ്ലാന്റിനുമേർപ്പെടുത്തിയിട്ടുള്ള പവർ കട്ട് പൂർണ്ണമായി ഒഴിവാക്കി മത്സ്യത്തൊഴിലാളികളെയും മത്സ്യ വ്യവസായത്തെയും സംരക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, രണ്ടുതരത്തിലുള്ള ഐസ് പ്ലാന്റാണുള്ളത്. ഒന്ന് പവർകട്ടിൽനിന്ന് പൂർണ്ണമായി ഒഴിവായിത്തന്നെ നിൽക്കുകയാണ്. അത് വേർതിരിച്ചു പറഞ്ഞില്ല. അതായത് എൽ. ടി. കണക്ഷനുകളുള്ള ഐസ് പ്ലാന്റുകളെ ഇപ്പോഴത്തെന്നെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. വൻകിട ഐസ് പ്ലാന്റുകളിലാണ് ഇന്ന് പവർ കട്ട് കുറെ ബാധിച്ചിട്ടുള്ളത്. ചെറുകിട പ്ലാന്റ് എന്നുപറയുന്നത് എത്രയുണ്ടെന്നോ എന്നോടു ചോദിച്ചാൽ ഇപ്പോഴാ എനിക്ക് പറയാൻ നിവൃത്തിയില്ല. നമ്മുടെ സംസ്ഥാനത്തെ പവർ പൊസിഷൻ പ്രിക്കേറിയസ് ആണ്. വളരെ ബുദ്ധിമുട്ടാണ്. മഴ കുറയുമെന്നു കരുതി നമ്മാം ഒരിക്കലും പ്ലാൻ ചെയ്തിട്ടില്ല. രണ്ടു കാലവർഷമുണ്ടാകുമെന്നു കരുതിയാണ് നമ്മാം നമ്മുടെ പവർ മുഴുവൻ പ്ലാൻ ചെയ്തിട്ടുള്ളത്. അതുകൊണ്ട് നമുക്ക് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പവർ കൊടുക്കാൻ ഇല്ല. ഫ്ലോറ് തുടങ്ങിയ അത്യാവശ്യ ഉപയോഗത്തിനുവേണ്ടി. ഉപയോഗിക്കാനുള്ള 35 ദിവസത്തേക്കുള്ള പവറിനുള്ള വെള്ളമേ നമ്മുടെ സംസ്ഥാനത്തെ ഡാമുകളിലുള്ളു. ഗവൺമെന്റിന്റെ അത്യദ്ധ്വാനത്തിന്റെ ഫലമായി പുറത്തുനിന്നും വരുന്ന പവറിന്റെ 30 ശതമാനം എല്ലാ വ്യവസായങ്ങൾക്കും ഇന്നു മുതൽ കൊടുത്തുതുടങ്ങുകയാണ്. നേരത്തേ അഞ്ചു ശതമാനം കൊടുത്തിരുന്നു. ഇപ്പോഴാ 30 ശതമാനം കൊടുക്കുന്നു. നേരത്തേ കൊടുത്തിരുന്ന അഞ്ചുശതമാനവും ചേർത്ത് 35 ശതമാനം കഴിഞ്ഞാൽ ഒരു 15 ശതമാനം കൂടി ഈ ആഴ്ചയ്ക്കുള്ളിൽ നമ്മുടെ വ്യവസായങ്ങൾക്കും കൊടുക്കാൻ കഴിയും. അതിനുവേണ്ടി ഗവൺമെന്റ് അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മഹാരാഷ്ട്ര, കൽപ്പാക്കം, നെയ്വേലി, രാമഗുണ്ടം എന്നീ സ്ഥലങ്ങളിൽ നിന്ന് ലൈനുകൾ ലഭ്യമാക്കി വിദ്യുച്ഛക്തി ഇവിടെകൊണ്ടു വരാനുള്ള ശ്രമമാണ് നടക്കുന്നത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു കാര്യം ചെയ്യാം. പുറത്തു നിന്നു കൊണ്ടുവരുന്ന വൈദ്യുതി ഉപയോഗിച്ച് 50 ശതമാനമായി ഇവിടത്തെ ഐസ് പ്ലാന്റുകൾക്ക് വർദ്ധിപ്പിച്ചുകൊടുക്കുന്നതിന് ഗവൺമെന്റ് ഇന്നുതന്നെ ഓർഡർ നൽകാം. അതുമാത്രമേ തൽക്കാലം ഇപ്പോൾ ചെയ്യാൻ കഴിയുകയുള്ളൂ. കൂടുതൽ വരുമ്പോൾ കൂടുതൽ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

(8) കണ്ണൂർ നഴ്സിംഗ് സ്കൂൾ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. പ്രഭാകരൻ: സർ, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ ഒരു നിയമാവസ്ഥയിലേയ്ക്ക് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വർഷങ്ങളായിട്ട് പ്രസ്തുത നഴ്സിംഗ് സ്കൂൾ നടത്തുന്നതിന് കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടുമൂന്നു മുറികളിലായി വളരെ ക്ലേശിച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്. അവിടെയുള്ള അസൗകര്യംമൂലം ഒരു ബാച്ചിനെ കോട്ടയത്ത് പ്രൊവൈഡ് ചെയ്തിരിക്കുകയാണ്. അതിനുംപുറമേ ഈ നഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥിനികൾ ഹോസ്റ്റലിൽത്തന്നെ താമസിക്കണമെന്നുള്ളതും വളരെ നിർബന്ധമാണ്. പക്ഷേ അവിടെ ഹോസ്റ്റൽ സൗകര്യമില്ല. ആറുകിലോമീറ്റർ ദൂരെ ഗവൺമെന്റ് വാടകയ്ക്കെടുത്ത ഒരു കെട്ടിടത്തിൽ അനാരോഗ്യകരമായ സാഹചര്യത്തിലാണ് ഇപ്പോൾ വിദ്യാർത്ഥിനികൾ കഴിഞ്ഞുകൂടുന്നത്. കഴിഞ്ഞ കുറെക്കാലമായിട്ടുള്ള അവരുടെ അവശതയാണിത്. ആ വാടക കെട്ടിടവും അതിന്റെ ഉടമസ്ഥൻ നിർബന്ധമായും ഒഴിപ്പിക്കുന്ന സ്ഥിതിയിലാണ്. ഏതുനിമിഷവും അവിടെനിന്ന് ഇറങ്ങിപ്പോകേണ്ടിവരുമെന്ന ഒരാശങ്ക ഇന്ന് ആ വിദ്യാർത്ഥിനികളെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ, കാസർകോട്, വയനാട് എന്നീ പ്രദേശങ്ങളൊട്ടാകെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതാണ് ഈ ഡിസ്ട്രിക്ട് ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള ഈ നഴ്സിംഗ് സ്കൂൾ. കേരളത്തിലെ ഒൻപതു നഴ്സിംഗ് സ്കൂളുകളിൽ ഇത്രയേറെ അസൗകര്യമുള്ള സ്വന്തമായി കെട്ടിടമില്ലാത്ത, ഹോസ്റ്റൽ സൗകര്യമില്ലാത്ത ഒരു നഴ്സിംഗ് സ്കൂളും കാണുകയില്ല, ഇതല്ലാതെ. കണ്ണൂർ–വയനാടു മേഖലയോടുള്ള ഒരു അവഗണനയാണിത്. ആ പ്രദേശത്തുള്ള വിദ്യാർത്ഥിനികളുടെ ഇടയിൽമാത്രമല്ല ജനങ്ങളുടെയിടയിലും വളരെ ആക്ഷേപമുളവാക്കിയിട്ടുള്ള ഒരു കാര്യമാണിത്. ഇതിനെന്തെങ്കിലുമൊരു പരിഹാരം അടിയന്തിരമായിട്ടുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള നേഴ്സിംഗ് സ്കൂൾ ഒരു വാടക കെട്ടിടത്തിലാണ് നടക്കുന്നത്. ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയതായി സ്ഥലം അന്വേഷിച്ചു. രണ്ടു കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഒരു കെട്ടിടത്തിലേക്ക് ഉടനെ മാറുന്നതാണ്. അടുത്ത കെട്ടിടം കൂടി കിട്ടിക്കഴിഞ്ഞാൽ അവിടേയും സൗകര്യങ്ങൾ ചെയ്യാൻ കഴിയും. കെട്ടിടം സ്വന്ത

LIBRARY, ARCHIVES Kerala Legislative Assembly